ഏബ്രഹാം മാർ യൂലിയോസിനു മൂവാറ്റുപുഴയുടെ പ്രണാമം

ആത്മീയവളർച്ചയ്ക്കും സാമൂഹ്യസേവനത്തിലും കരുതലായ ഇടയൻ

സ്വന്തം ലേഖകൻ

മൂവാറ്റുപുഴ: മൂവാറ്റുപുഴ രൂപതയുടെ വളർച്ചയിലും ആത്മീയ സാരഥ്യത്തിലും സമർപ്പിത സേവനത്തിന്റെ അടയാളങ്ങൾ പതിപ്പിച്ചാണ് ബിഷപ് ഏബ്രഹാം മാർ യൂലിയോസ് വിട പറയുന്നത്. രൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തയെന്ന നിലയിൽ പതിറ്റാണ്ടിലധികം നീണ്ട ശുശ്രൂഷ വൈദികഗണത്തിനും വിശ്വാസി സമൂഹത്തിനും അവിസ്മരണീയവും അഭിമാനകരവുമാണ്.

2008 ലാണു രൂപതാധ്യക്ഷനായി മാർ യൂലിയോസ് നിയോഗമേറ്റത്. കോയമ്പത്തൂരിലെ മിഷൻ പ്രവർത്തനങ്ങളുടെ രൂപീകരണവും കത്തീഡ്രൽ ദേവാലയം, ഭദ്രാസന കാര്യാലയം, വാഴക്കുളം വടകോട് സെന്റ് ജൂഡ് ചിൽഡ്രൻസ് ഹോം എന്നിവയുടെ നിർമാണവും അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയിലെ പ്രധാന നേട്ടങ്ങളാണ്.

നിയോഗമേറ്റെടുക്കുമ്പോൾ പ്രാരംഭ ഘട്ടത്തിലായിരുന്ന രൂപതയെ ആത്മീയമായും ഭൗതികമായും ശക്തമായ അടിത്തറയിൽ വളർത്തിയെടുക്കുന്നതിൽ അദ്ദേഹത്തിന്റെ ദീർഘ വീക്ഷണത്തോടെയുള്ള പ്രവർത്തനം നിർണായകമായി. കോയമ്പത്തൂർ കേന്ദ്രീകരിച്ചു മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച അദ്ദേഹം ഉക്കടം, മലുമിച്ചാംപെട്ടി, കിണത്തുകടവ്, പൊള്ളാച്ചി, അവിനാശി തുടങ്ങിയ വിവിധ മേഖലകളിൽ മലങ്കര കത്തോലിക്കാ സഭാസമൂഹങ്ങൾ രൂപംകൊള്ളുന്നതിന് നേതൃത്വം നൽകി. ചാലക്കുടി മുരിങ്ങൂരിലും കുന്നംകുളം ചാലിശരിയിലും ഉൾപ്പടെ വിവിധ ഇടവകൾ അദ്ദേഹം തുടങ്ങി. കാക്കനാട് കേന്ദ്രീകരിച്ച് പുതിയ ഇടവകയും മോറിയാ ധ്യാനകേന്ദ്രവും സ്ഥാപിച്ചു. പെരുമ്പാവൂരിൽ അതിഥി തൊഴിലാളികൾക്കായി നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങൾ സാമൂഹികശ്രദ്ധ നേടി. പ്രളയകാലത്തെ സേവനങ്ങളും മറക്കാനാവാത്തതാണെന്നു വൈദികർ പറയുന്നു.

സമൃദ്ധി സൊസൈറ്റിയിലൂടെ മൂവാറ്റുപുഴയിലെയും സമീപ പ്രദേശങ്ങളിലെയും സ്ത്രീകളുടെയും നിർധനരുടെയും ഉന്നമനത്തിനായി പദ്ധതികൾ നടപ്പാക്കി. അയൽക്കൂട്ടങ്ങളിലൂടെ നിരവധി പേരെ സ്വയം സംരംഭകരാക്കുന്നതിനും അദ്ദേഹം സഹായിച്ചു.

സഭൈക്യത്തിലും ഇതര ക്രൈസ്തവ സമൂഹങ്ങളോടുള്ള ബന്ധത്തിലും മാർ യൂലിയോസ് പ്രത്യേകം ശ്രദ്ധ നൽകി. പെരുമ്പാവൂരിൽ സ്വന്തം ദേവാലയം നഷ്ടമായ യാക്കോബായ സഭയിലെ വിശ്വാസിസമൂഹത്തിന് പെരുമ്പാവൂർ സാന്തോം മലങ്കര സുറിയാനി കത്തോലിക്കാ പള്ളി ആരാധനയ്ക്കായി തുറന്നുകൊടുത്തത് മാതൃകാപരമായി. 2019ൽ ഇടയശുശ്രൂഷയിൽ നിന്ന് വിരമിച്ചശേഷം പ്രാർഥനയിലും പഠനത്തിലും ഗ്രന്ഥരചനയിലുമാണ് ഏബ്രഹാം മാർ യൂലിയോസ് ശ്രദ്ധചെലുത്തിയത്.

രൂപതയ്ക്കും വിശ്വാസികൾക്കും തീരാനഷ്ടം: മാർ തെയഡോഷ്യസ്

മൂവാറ്റുപുഴ: ബിഷപ് ഏബ്രഹാം മാർ യൂലിയോസിന്റെ വിയോഗം മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും മൂവാറ്റുപുഴ ഭദ്രാസനത്തിനും വിശ്വാസിസമൂഹത്തിനും വലിയ നഷ്ടമാണെന്നു മൂവാറ്റുപുഴ ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ് അനുസ്മരിച്ചു.

ദൈവജനത്തെ സ്നേഹത്തോടും സമർപ്പണത്തോടും കൂടി ശുശ്രൂഷിച്ച ശ്രേഷ്ഠ ഇടയനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ശുശ്രൂഷാ ഘട്ടത്തിലാണ് രൂപത സമഗ്രമായ വളർച്ച കൈവരിച്ചത്. മൂവാറ്റുപുഴ കത്തീഡ്രൽ ദേവാലയം നിർമിച്ചതുൾപ്പടെ അദ്ദേഹത്തിന്റെ നേതൃപരമായ മികവിന് ഉദാഹരണങ്ങളേറെയാണ്. സാമൂഹ്യക്ഷേമ പദ്ധതികളിലും അദ്ദേഹം കരുതലോടെ ശ്രദ്ധിച്ചു. മൂവാറ്റുപുഴ ഭദ്രാസനത്തെ ആത്മീയതയിലും സാമൂഹിക വികസനത്തിലും മുന്നോട്ടുനയിക്കുന്നതിൽ ഏബ്രഹാം മാർ യൂലിയോസിന്റെ കാഴ്ചപ്പാടുകളും നേതൃത്വവും സമാനതകളില്ലാത്ത സേവനവും ചരിത്രത്തിൽ എന്നും സ്മരിക്കപ്പെടുമെന്നും മാർ തെയഡോഷ്യസ് പറഞ്ഞു.

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റിംഗ് രേഖപ്പെടുത്തുന്നതിന്റെ ഭാഗമായി, വീഗാലാൻഡ് ഡെവലപ്പേഴ്സ് ലിമിറ്റഡിന്റെ സ്ഥാപകനും വൈസ് ചെയർമാനുമായ കൊച്ചൗസേഫ് ചിറ്റിലപ്പിള്ളിയും ബിഎസ്ഇയുടെ സിഎഫ്ഒ ദീപക് ഗോയലും ചേർന്ന് മണി മുഴക്കുന്നു. വീഗാലാൻഡ് ഡെവലപ്പേഴ്സിന്റെ ബോർഡ് ചെയർമാൻ ജോർജ് ജോസഫ്, വീഗാലാൻഡ് നേതൃത്വസംഘത്തിലെ അംഗങ്ങൾ, മർച്ചന്റ് ബാങ്കർമാരായ ക്യൂമുലേറ്റീവ് ക്യാപിറ്റലിന്റെ പ്രതിനിധികൾ, മറ്റ് വിശിഷ്ടാതിഥികൾ എന്നിവർ സമീപം. കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കപ്പെടുന്ന ബിഎസ്ഇ ലിസ്റ്റിംഗ് ചടങ്ങ് എന്ന പ്രത്യേകതയും ചടങ്ങിനുണ്ട്.

ഗ്രീൻലാൻഡ് പ്രതിസന്ധിക്കു പരിഹാരം

യുഎസ്-ഡാനിഷ് സുരക്ഷാ കരാറിനു ധാരണ

ഉത്തരധ്രുവത്തിലെ തന്ത്രപ്രധാന പ്രദേശത്തിന്റെ നിയന്ത്രണം ഇനി അമേരിക്കയുടെ കൈയിൽ

വാഷിംഗ്ടൺ ഡിസി: ഗ്രീൻലാൻഡിന്റെ സുരക്ഷയ്ക്കായി ഡെന്മാർക്കും അമേരിക്കയും തമ്മിൽ കരാറുണ്ടാക്കാൻ തീരുമാനിച്ചു. ഗ്രീൻലാൻഡിനെ സ്വന്തമാക്കുമെന്ന അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ പ്രഖ്യാപനത്തോടെ ഉടലെടുത്ത നയതന്ത്ര പ്രശ്നത്തിനാണ് ഇതോടെ പരിഹാരമായത്.

ഉത്തരധ്രുവത്തിൽ തന്ത്രപ്രാധാന്യമുള്ള ഗ്രീൻലാൻഡിന്റെ സുരക്ഷാകാര്യങ്ങളിൽ അമേരിക്കയ്ക്ക് സ്ഥിരം നിയന്ത്രണം ലഭിക്കുന്ന കരാറാണിതെന്ന് ട്രംപ് അറിയിച്ചു. ഡെന്മാർക്കിലെയും ഗ്രീൻലാൻഡിലെയും നേതാക്കൾ കരാറിനെ സ്വാഗതം ചെയ്തു. അടുത്തയാഴ്ച ന്യൂയോർക്കിൽ യുഎൻ പൊതുസഭാ സമ്മേളനത്തിനിടെ കരാർ ഒപ്പുവയ്ക്കുമെന്നാണ് അറിയിപ്പ്. കരാറിന്റെ വിശദാംശങ്ങൾ പുറത്തുവിട്ടിട്ടില്ല. അമേരിക്കയ്ക്ക് ഒരു ചിലവുമില്ലാതെയാണ് കരാർ സാധ്യമായതെന്ന് ട്രംപ് പറഞ്ഞു. കരാർ പ്രകാരം അമേരിക്കയുടെ അനുമതിയില്ലാതെ ശത്രുരാജ്യങ്ങൾക്ക് ഗ്രീൻലാൻഡിൽ സൈനികതാവളം തുറക്കാനാവില്ല. ചില തരം നിക്ഷേപങ്ങളും അസാധ്യമാകുമെന്ന് ട്രംപ് കൂട്ടിച്ചേർത്തു.

ഡെന്മാർക്കിന്റെ പരമാധികാരവും ഗ്രീൻലാൻഡിന്റെ സ്വയം നിർണയാവകാശവും കരാറിൽ സംരക്ഷിക്കപ്പെടുന്നതായി ഡാനിഷ് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സണും ഗ്രീൻലാൻഡ് പ്രധാനമന്ത്രി യെൻസ് ഫ്രഡറിക് നീൽസണും പ്രതികരിച്ചു.

ഡെന്മാർക്കിലെ സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡിനെ അമേരിക്കയോട് കൂട്ടിച്ചേർക്കാനുള്ള ട്രംപിന്റെ ആഗ്രഹം വലിയ പ്രതിസന്ധിക്കിടയാക്കിയിരുന്നു. അമേരിക്കയുടെ ദേശീയ സുരക്ഷയ്ക്ക് ഗ്രീൻലാൻഡ് വേണമെന്നായിരുന്നു ട്രംപിന്റെ നിലപാട്.

ശത്രുരാജ്യങ്ങളായ ചൈനയും റഷ്യയും ഗ്രീൻലാൻഡിൽ സ്വാധീനം ശക്തമാക്കുമെന്ന് അദ്ദേഹം വാദിച്ചു. ഗ്രീൻലാൻഡിനെ വിലയ്ക്കു വാങ്ങാൻ തയാറാണെന്നും വേണ്ടിവന്നാൽ ബലംപ്രയോഗിച്ച് കൂട്ടിച്ചേർക്കുമെന്നും ട്രംപ് പറഞ്ഞിരുന്നു. പാശ്ചാത്യ സൈനിക കൂട്ടായ്മയായ നാറ്റോയിൽ വലിയ എതിർപ്പിനും ഭിന്നതയ്ക്കും ട്രംപിന്റെ നീക്കം വഴിവച്ചിരുന്നു.

ചൈനീസ് പ്രസിഡന്റ് ഷി അമേരിക്കയിലെത്തുന്നു

അമേരിക്കൻ പ്രസിഡന്റ് ട്രംപ് വിമാനത്താവളത്തിൽ കാത്തുനിൽക്കും

വാഷിംഗ്ടൺ ഡിസി: പതിറ്റാണ്ടിനു ശേഷം വൈറ്റ് ഹൗസ് സന്ദർശിക്കാനെത്തുന്ന ചൈനീസ് പ്രസിഡന്റ് ഷി ചിൻപിംഗിനെ അമേരിക്കൻ പ്രസിഡന്റ് ട്രംപ് വിമാനത്താവളത്തിൽ നേരിട്ടു സ്വീകരിക്കും.

ഷിയും പത്നി പെംഗ് ലിയുവാനും ബുധനാഴ്ചയാണ് വാഷിംഗ്ടൺ ഡിസിക്കു സമീപമുള്ള ആൻഡ്രൂസ് സംയുക്ത സൈനികതാവളത്തിൽ വിമാനമിറങ്ങുന്നത്. ട്രംപ് അവരെ കാത്തുനിൽക്കുമെന്നാണ് അറിയിപ്പ്. ഷിയുടെ സന്ദർശനത്തിന് ട്രംപ് ഭരണകൂടം നല്കുന്ന പ്രാധാന്യമാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. അമേരിക്കൻ പ്രസിഡന്റുമാർ സാധാരണ ഒരു രാഷ്ട്രത്തലവനെയും വിമാനത്താവളത്തിൽ സ്വീകരിക്കാറില്ല. ട്രംപിന്റെ രണ്ടാം ഭരണകാലത്ത് ഇത്തരം സ്വീകരണം ആദ്യമാണ്. ആദ്യ ഭരണകാലത്ത് 2017ൽ അന്നത്തെ കുവൈറ്റ് അമീറിനെ വിമാനത്താവളത്തിൽ സ്വീകരിച്ചിരുന്നു. ബിവൈഡി, ഷവോമി തുടങ്ങിയ പ്രമുഖ കമ്പനികളുടെ നേതാക്കൾ ഉൾപ്പെടുന്ന വലിയ ബിസിനസ് പ്രതിനിധിസംഘവും ഷിക്കൊപ്പം അമേരിക്കയിലെത്തും.

നൂറു തികഞ്ഞവർ ലക്ഷം പിന്നിട്ട ആദ്യ രാജ്യമായി ജപ്പാൻ

വയോധികർ കൂടുമ്പോൾ കുഞ്ഞുങ്ങൾ ജനിക്കാത്തത് പ്രതിസന്ധി

ടോക്കിയോ: നൂറ് വയസിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ട ആദ്യരാജ്യമെന്ന ബഹുമതി ജപ്പാന്. രാജ്യത്ത് ഇപ്പോൾ നൂറ് പിന്നിട്ട 1,07,677 പേരുണ്ടെന്ന് ജാപ്പനീസ് ആരോഗ്യമന്ത്രാലയം അറിയിച്ചു.

2025നെ അപേക്ഷിച്ച് 7,914 പേരാണ് പട്ടികയിൽ പുതുതായി ഇടംപിടിച്ചത്. 56 വർഷമായി ജപ്പാനിലെ വയോധികരുടെ എണ്ണം കൂടുന്നതല്ലാതെ കുറയുന്നില്ല. അതേസമയം, വയോധികരിൽ ഭൂരിഭാഗവും ആരോഗ്യത്തോടെ അകൂീവായിട്ടാണ് ജീവിക്കുന്നതെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു. ആരോഗ്യ സാങ്കേതികമേഖലയിലുണ്ടായ മുന്നേറ്റവും ആരോഗ്യകരമായ ജീവിതരീതിയും ഭക്ഷണക്രമവുമാണ് ഇതിനു കാരണം.ലോകത്ത് ഏറ്റവുമധികം വയോജനങ്ങളുള്ള രാജ്യമാണ് ജപ്പാൻ. പത്തിൽ മൂന്നുപേർ 65നു മുകളിലുള്ളവരാണ്.

വയോധികരുടെ എണ്ണം വർധിക്കുമ്പോൾ ജനനനിരക്ക് കൂടുന്നില്ലെന്ന പ്രശ്നവും ജപ്പാൻ നേരിടുന്നു. ജനനനിരക്ക് വർധിപ്പിക്കാൻ സർക്കാർ പലവിധ പദ്ധതികൾ നടപ്പാക്കിയിട്ടും ഫലം കാണുന്നില്ല. കഴിഞ്ഞവർഷം 95നു മുകളിൽ പ്രായമുള്ള എട്ടു ലക്ഷം പേർ ജപ്പാനിലുണ്ടായിരുന്നു. അതേ വർഷം ഏഴ് ലക്ഷം കുഞ്ഞുങ്ങളാണ് രാജ്യത്ത് ജനിച്ചത്.

റിയാദിൽ വ്യോമാക്രമണ മുന്നറിയിപ്പ്; ശക്തമായ സ്ഫോടനശബ്ദങ്ങൾ കേട്ടതായി റിപ്പോർട്ട്

റിയാദ്: യെമനിലെ പോരാട്ടം കടുക്കുന്നതിനിടെ സൗദി അറേബ്യൻ തലസ്ഥാനമായ റിയാദിൽ വ്യോമാക്രമണ മുന്നറിയിപ്പിനു പിന്നാലെ ശക്തമായ സ്ഫോടനശബ്ദങ്ങൾ കേട്ടതായി പ്രമുഖ വാർത്താ ഏജൻസിയായ എഎഫ്പി റിപ്പോർട്ട് ചെയ്തു.

സംഘർഷം ശക്തമായതിനു ശേഷം ഇതാദ്യമായാണ് സൗദി തലസ്ഥാനത്ത് അതിജാഗ്രതാ മുന്നറിയിപ്പ് നൽകുന്നത്.ഇന്നലെ പുലർച്ചെ മൂന്നോടെയാണു റിയാദിലെ നഗരവാസികളുടെ മൊബൈൽ ഫോണുകളിൽ "പ്രദേശം വ്യോമാക്രമണ ഭീഷണി നേരിടുന്നു" വെന്നും ആളുകൾ വീടുകൾക്കുള്ളിൽ തന്നെ തുടരണമെന്നുമുള്ള അടിയന്തര മുന്നറിയിപ്പ് സന്ദേശം എത്തിയത്. സന്ദേശം വന്നു നിമിഷങ്ങൾക്കകം റിയാദിൽ രണ്ട് വൻ സ്ഫോടനശബ്ദങ്ങൾ കേട്ടതായി എഎഫ്പി ലേഖകർ സ്ഥിരീകരിച്ചു.

പെയിന്റിംഗിനും ശബ്ദ സംവിധാനത്തിനും റിക്കാർഡ്

കൊച്ചി: ബംഗളൂരു ഹെസരഘട്ടയിലെ സെന്റ് ജോർജ് മലബാർ ഇൻഡിപെൻഡന്റ് സിറിയൻ ദേവാലയത്തിലെ പെയിന്റിംഗിനും ഇലക്ട്രോ മെക്കാനിക്കൽ ഹാർമണി സംവിധാനത്തിനും വേൾഡ് റിക്കാർഡ്സ് യൂണിയന്റെ റിക്കാർഡുകൾ ലഭിച്ചു. ദേവാലയത്തിനകത്തെ സീലിംഗിൽ സ്ഥാപിച്ച വലിയ മൾട്ടി-പാനൽ കാൻവാസ് പെയിന്റിംഗ്, 10 അടി വീതിയും 43 അടി നീളവുമുള്ള പത്തു വലിയ അക്രിലിക് കാൻവാസ് പാനലുകളും അഞ്ചടിയിലധികം വീതിയും 43 അടി നീളവുമുള്ള മറ്റൊരു പാനലും ചേർന്നതാണ്.

ജി5 മുതൽ എഫ് 6 വരെ സ്വരപരിധിയിൽ എട്ടു മണികളടങ്ങിയ ഇലക്ട്രോ മെക്കാനിക്കൽ ഹാർമണി സംവിധാനവുമാണ് പള്ളിയിലുള്ളത്.

കീബോർഡ് ഉപയോഗിച്ച് നേരിട്ട് മണികൾ മുഴക്കുന്നതിനും പ്രോഗ്രാം ചെയ്യാവുന്ന ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ ഹാർമണി അവതരിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കുമെന്ന് അധികൃതർ അറിയിച്ചു.

ദേവാലയത്തിലെ സീലിംഗിൽ സജ്ജമാക്കിയ പെയിന്റിംഗ്.

സാമ്പത്തിക ക്രമക്കേട്: തൊഴിൽവകുപ്പ് അഡീഷണൽ ലേബർ കമ്മീഷണറെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയെന്ന പ്രാഥമിക പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിലെ അഡീഷണൽ ലേബർ കമ്മീഷണറും കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കെ. ശ്രീലാലിനെ സർക്കാർ സസ്പെൻഡ് ചെയ്തു.

കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിച്ചിരുന്ന കാലയളവിൽ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി പരിശോധനയിൽ കണ്ടെത്തിയെന്ന എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

മഞ്ഞനാനിക്കൽ കുടുംബയോഗം

ചേർപ്പുങ്കൽ: മഞ്ഞനാനിക്കൽ കുടുംബയോഗം രജത ജൂബിലി ആഘോഷവും ഡയറക്ടറി പ്രകാശനവും നാളെ ചേർപ്പുങ്കൽ ഹോളിക്രോസ് ഹാളിൽ നടക്കും. രാവിലെ 8.45 ന് മാർസ്ലീവാ ഫൊറോന പള്ളിയിൽ വിശുദ്ധ കുർബാനയും ഒപ്പീസും. 10.30ന് ജൂബിലി സമ്മേളനം ഫൊറോനാ വികാരി ഫാ. ജോസ് വള്ളോംപുരയിടം ഉദ്ഘാടനം ചെയ്യും. കുടുംബയോഗം പ്രസിഡന്റ് എം.കെ. ജോർജുകുട്ടി അധ്യക്ഷത വഹിച്ച് ഫാ. ജോസഫ് മഞ്ഞനാനിക്കൽ അനുസ്മരണ പ്രഭാഷണം നടത്തും. രക്ഷാധികാരി ഫാ. മെർവിൻ വരയൻ കുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തും.

ശങ്കരപുരി മഹാ കുടുംബയോഗം പ്രസിഡന്റ് തോമസ് കണ്ണന്തറ ഡയറക്ടറി പ്രകാശനവും വെബ്സൈറ്റ് ലോഞ്ചും നിർവഹിക്കും. രക്ഷാധികാരി സിസ്റ്റർ ജോളി മരിയ സിഎസ് എൻ ജൂബിലി സന്ദേശം നൽകും. ഫാ. ജോജോ വടകര, ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ്മോൻ മുണ്ടക്കൽ, ഡോ. ഏബ്രഹാം ചെട്ടിശേരി, എം.ജെ. ജോൺ, ജോർജ് കൂട്ടയാനി, ജോസ് ജോൺ എന്നിവർ ആശംസകൾ അർപ്പിക്കും.

എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾ, 75 വയസ് പൂർത്തിയായവർ, വിവാഹ ജീവിതത്തിന്റെ 50 വർഷം പിന്നിട്ടവർ, സിൽവർ, ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സമർപ്പിതർ എന്നിവരെയും ആദരിക്കും. സെക്രട്ടറി എം.കെ. ജോൺ സ്വാഗതവും ട്രഷറർ എം. ജെ. ജോസഫ് നന്ദിയും പറയും. പൊതുയോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കും.

തച്ചങ്കരിയെ പരിഹസിച്ച് മുൻ ഡിജിപി ശ്രീലേഖ

തിരുവനന്തപുരം: അനധികൃത സ്വത്തുസമ്പാദന കേസിൽ ജയിലിൽ കഴിയുന്ന മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരിയെ പരിഹസിച്ച് മുൻ ജയിൽ ഡിജിപി ആർ. ശ്രീലേഖ.

തിരുവനന്തപുരം സെൻട്രൽ ജയിലിൽ തച്ചങ്കരി കഴിയുന്ന ആശുപത്രി ബ്ലോക്ക് താൻ ജയിൽ ഡിജിപി ആയിരുന്നപ്പോൾ മികച്ചതാക്കിയതാണെന്നും ഇപ്പോൾ അത് ആർക്കെങ്കിലും പ്രയോജനപ്പെടുന്നുണ്ടെങ്കിൽ സന്തോഷമെന്നും ആർ. ശ്രീലേഖ ഫേസ്ബുക്കിൽ കുറിച്ചു. തിരുവനന്തപുരം കോർപറേഷനിലെ ബിജെപി കൗൺസിലറാണ് ശ്രീലേഖ. പൊലിസ് സർവീസിലുണ്ടായിരുന്ന കാലത്ത് ടോമിൻ തച്ചങ്കരിക്കെതിരേ ഒട്ടേറെ ആരോപണങ്ങൾ ശ്രീലേഖ ഉന്നയിച്ചിരുന്നു. തച്ചങ്കരി ഏറെ ഉപദ്രവിച്ചിട്ടുണ്ടെന്നും ശ്രീലേഖ ഫേസ്ബുക്കിൽ എഴുതി.

എഎസ്ഐഎസ്സി കൾച്ചറൽ ഫെസ്റ്റ്

കാലടി ജ്ഞാനോദയ സെന്റർ സ്കൂൾ ഓവറോൾ ചാമ്പ്യൻമാർ

വാഴക്കുളം: ചാവറ ഇന്റർനാഷണൽ അക്കാഡമിയിൽ എഎസ്ഐഎസ് സി കൾച്ചറൽ ഫെസ്റ്റ് രംഗോത്സവ് സമാപിച്ചു. കാറ്റഗറി മൂന്ന് വിഭാഗത്തിൽ കാലടി ജ്ഞാനോദയ സെൻട്രൽ സ്കൂൾ 39 പോയിന്റുകൾ നേടി ഓവറോൾ ചാമ്പ്യന്മാരായി.

ആതിഥേയരായ വാഴക്കുളം ചാവറ ഇന്റർനാഷണൽ അക്കാദമി 38 പോയിന്റുകൾ നേടി ഫസ്റ്റ് റണ്ണറപ്പും അങ്കമാലി സെന്റ് പാട്രിക് അക്കാഡമി 30 പോയിന്റുകൾ നേടി സെക്കൻഡ് റണ്ണറപ്പും ആയി.

കാറ്റഗറി 4 വിഭാഗത്തിൽ അങ്കമാലി സെന്റ് പാട്രിക് അക്കാദമി 60 പോയിന്റുകൾ നേടി ഓവറോൾ ചാമ്പ്യന്മാരായി. 49 പോയിന്റുകൾ നേടി ജ്ഞാനോദയ സെൻട്രൽ സ്കൂൾ ഫസ്റ്റ് റണ്ണറപ്പും 35 പോയിന്റുകൾ നേടി ചാവറ ഇന്റർനാഷണൽ അക്കാഡമി സെക്കൻഡ് റണ്ണറപ്പും ആയി.

ചാവറ ഇന്റർനാഷണൽ അക്കാഡമി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സമാപന ചടങ്ങിൽ സ്കൂൾ മാനേജർ ഫാ. ജോസ് തുറവയ്ക്കൽ അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ കാർമൽ പ്രോവിൻസ് പ്രൊവിൻഷ്യാൽ ഫാ. ജോബി കൊച്ചുമുട്ടം മുഖ്യാതിഥിയായിരുന്നു.

സോൺ ഡി പ്രിൻസിപ്പൽ കോ-ഓർഡിനേറ്ററും ചാവറ ഇന്റർനാഷണൽ അക്കാദമി പ്രിൻസിപ്പലുമായ ഫാ. ഡിനോ കള്ളിക്കാട്ട്, സ്കൂൾ കോ-ഓർഡിനേറ്റർ അഞ്ജലി ജയദേവൻ എന്നിവർ പ്രസംഗിച്ചു.

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ. എം. ബി, എറണാകുളം
1-ാം നില, പിൻ. എൻ. ബി. ഹൗസ്, നം. 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011,
Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ പ്രൊവിസോ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്.

താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ/ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയോണോ" "എങ്ങനെയാണോ" "എന്തൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും പണയക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെ വിവരങ്ങളും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക, (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി (പ്രതീകാത്മക/പ്രത്യക്ഷമായി/ക്രിയാത്മകമായി)
1	**PNB ARMB എറണാകുളം** **ശ്രീ. സുബിൻ ബേബി,** **ശ്രീ. സീക്കോ ബേബി,** ഇരുവരുടെയും വിലാസം: പാറക്കൽ ഹൗസ്, KSRA49, അലമ്പിമൂല റോഡ്, കങ്ങരപ്പടി, എറണാകുളം - 682021	എറണാകുളം ജില്ലയിൽ, കണയന്നൂർ താലൂക്കിൽ, തൃക്കാക്കര നോർത്ത്, ബ്ലോക്ക് നം. 5, റീ.സർവ്വേ നം. 860/3-2, സർവ്വേ നം. 798/3/3/19,798/13AI/798/13A3,798/13Aൽ പെട്ട ശ്രീ. സുബിൻ ബേബി & ശ്രീ. സീക്കോ ബേബി എന്നിവരുടെ ഉടമസ്ഥതയിലുള്ള 1.62 ആർസ് സ്ഥലവും താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്**: സ്വകാര്യ റോഡ്, **തെക്ക്**: ശശി വക വസ്തു; **പടിഞ്ഞാറ്**: സന്തോഷ് വക വസ്തു; **വടക്ക്**: ഹരിദാസ് വക വസ്തു. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	**(എ) 13(2) - 13.06.2024** **(ബി)** 31.08.2026 ലെ **രൂപ 68,17,443.72 (അറുപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി നാന്നൂറ്റി നാൽപത്തി മൂന്ന് രൂപ